# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് മുപ്പത്

## വിശ്വാസികളുടെ ഉൾപ്രാപണം

## (2)

## I. ജയാളികളുടെ ഉൾപ്രാപണം

## C. വസ്തുതകൾ

### *1. ഒരുവൻ എടുക്കപ്പെടുകയും മറ്റവൻ ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നു*

Tue മത്തായി 24:39-42-ൽ നാം ഉൾപ്രാപണത്തിന്റെ വസ്തുത കാണുന്നു. വാക്യം 40-ഉം 41-ഉം പറയുന്നു, "ആ സമയത്ത് രണ്ടു പുരുഷന്മാർ വയലിൽ ഉണ്ടായിരിക്കും; ഒരാൾ എടുക്കപ്പെടുന്നു, ഒരാൾ ഉപേക്ഷിക്കപ്പെടുന്നു. രണ്ടു സ്ത്രീകൾ തിരികല്ലിൽ പൊടിക്കുകയായിരിക്കും; ഒരുവൾ എടുക്കപ്പെടുന്നു, ഒരുവൾ ഉപേക്ഷിക്കപ്പെടുന്നു." ഇവിടെ നാം രണ്ടു സഹോദരന്മാരെ വയലിലും രണ്ടു സഹോദരിമാരെ തിരികല്ലിലും കാണുന്നു. സഹോദരന്മാരിൽ ഒരുവനും സഹോദരിമാരിൽ ഒരുവളും എടുക്കപ്പെടുകയും മറ്റുള്ളവർ ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നു. നമ്മിൽ ചിലർ, വിശേഷിച്ചും ചെറുപ്പക്കാർ, കർത്താവിനെ സ്നേഹിക്കുകയും അവരുടെ മനുഷ്യജീവിതത്തിനുവേണ്ടി കരുതേണ്ട ആവശ്യമില്ലെന്ന് ചിന്തിക്കുന്നവരും ആയിരിക്കാം. എന്നാൽ ഈ വാക്യങ്ങളിൽ രണ്ടു സഹോദരന്മാർ വയലിൽ വേല ചെയ്യുകയും രണ്ടു സഹോദരിമാർ തിരികല്ലിൽ പൊടിക്കുകയും ചെയ്യുന്നത് നാം കാണുന്നു. ഇതു ഭക്ഷിക്കുന്നതിനുവേണ്ടിയാണ്. നാം ഭൂമിയിൽ ജീവിക്കുന്നിടത്തോളം, ഭക്ഷിക്കുന്നതിന്റെ ആവശ്യം നമുക്ക് അവഗണിക്കുവാൻ കഴിയുകയില്ല. ഭക്ഷിക്കുന്നതിനായി നാം വേല ചെയ്യണം. അതുകൊണ്ട്, നിങ്ങൾ കർത്താവിനെ വാസ്തവമായി സ്നേഹിക്കുന്നുവെങ്കിൽ, നിങ്ങൾ അവനെ സ്നേഹിക്കുമ്പോൾതന്നെ, അപ്പോഴും നിങ്ങളുടെ ജീവനത്തിനുവേണ്ടത്

നിങ്ങൾ സമ്പാദിക്കണമെന്ന് നിങ്ങൾ മനസ്സിലാക്കണം. അവരുടെ ജീവനത്തിനുവേണ്ടി രണ്ടുപേർ വയലിൽ ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരുവൻ എടുക്കപ്പെടുകയും മറ്റവൻ ഉപേക്ഷിക്കപ്പെടുകയും ചെയ്യും. ബാഹ്യമായി അവർ ഒരുപോലെയാണെങ്കിലും, ആന്തരികമായി അവർ വ്യത്യസ്തരാണ്. നിങ്ങൾ പശ്ചാത്തലം വായിക്കുമെങ്കിൽ, ഒരുവൻ ഉണർന്നും ഒരുങ്ങിയുമിരിക്കുന്നവനെന്നും മറ്റവൻ അങ്ങനെയല്ലെന്നും നിങ്ങൾ കാണും. ഒരുവൻ ഒരുങ്ങിക്കൊണ്ടിരിക്കുമ്പോൾ, മറ്റവൻ ഉണർന്നിരിക്കുന്നില്ല.

### *2. ആൺകുട്ടി ദൈവത്തിന്റെ അടുക്കലേക്ക് എടുക്കപ്പെട്ടു*

ജയാളികളുടെ ഉൾപ്രാപണത്തിന്റെ വസ്തുത വെളിപ്പാട് 12:5-ലും കാണാം. ഈ വാക്യം പറയുന്നു, "അവൾ സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ഒരു പുത്രനെ, ഒരു ആൺകുട്ടിയെ പ്രസവിച്ചു: അവളുടെ കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിന്റെ അടുക്കലേക്കും എടുക്കപ്പെട്ടു." കുട്ടി ആകാശത്തിലേക്കല്ല, ദൈവത്തിന്റെ സിംഹാസനത്തിലേക്കാണ് എടുക്കപ്പെട്ടത് എന്നത് ശ്രദ്ധിക്കുക. ദൈവത്തിന്റെ സിംഹാസനം മൂന്നാം സ്വർഗത്തിലാണുള്ളത്. ഈ ഉൾപ്രാപണം മഹോപദ്രവത്തിന്റെ മൂന്നര വർഷത്തിനുമുമ്പ് സംഭവിക്കും (12:6, 14).

### *3. നൂറ്റിനാല്പത്തിനാലായിരംപേർ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായിത്തീരുന്നു*

ഉൾപ്രാപണത്തിന്റെ വസ്തുത 14:1-5-ലും കാണാം: അവിടെ നൂറ്റിനാല്പത്തിനാലായിരംപേർ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായിത്തീരുന്നുവെന്ന് നാം വായിക്കുന്നു. ആദ്യഫലമെന്ന നിലയിൽ അവർ ആകാശത്തിലേക്കല്ല, സ്വർഗത്തിലെ ദൈവാലയമായ ദൈവത്തിന്റെ ഭവനത്തിലേക്ക് കൊണ്ടുവരപ്പെടുന്നു. മഹോപദ്രവത്തിന്റെ സമയം എതിർക്രിസ്തു അവനെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുന്നതിനുമുമ്പ് നൂറ്റിനാല്പത്തിനാലായിരംപേർ സ്വർഗത്തിലെ സീയോനിലേക്ക് എടുക്കപ്പെടും.

ജയാളികളുടെ ഉൾപ്രാപണത്തെ സംബന്ധിച്ച ഈ വസ്തുതകളെ നിരസിക്കുവാൻ കഴിയുകയില്ല. വയലിലുള്ളവനും തിരികല്ലിൽ പൊടിച്ചുകൊണ്ടിരുന്നവളും മറ്റുള്ളവർക്കുമുമ്പ് എടുക്കപ്പെടുകയും, ആൺകുട്ടി അവസാനത്തെ മൂന്നര വർഷത്തിനുമുമ്പ് ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കപ്പെടുകയും, ആദ്യഫലം കൊയ്ത്തിനുമുമ്പ് എടുക്കപ്പെടുകയും ചെയ്യുന്നു. കൊയ്ത്ത് ആദ്യഫലത്തിന്റെ അതേ സമയംതന്നെ നടക്കുന്നുവെന്ന് ആർക്കും പറയുവാൻ കഴിയുകയില്ല. വെളിപ്പാട് 14 വ്യക്തമാക്കുന്നതുപോലെ, ആദ്യഫലം ആദ്യം എടുക്കപ്പെടുകയും കൊയ്ത്ത് പിന്നീട് എടുക്കപ്പെടുകയും ചെയ്യുന്നു.

## D. സമയം

നാം ഇനി ജയാളികളുടെ ഉൾപ്രാപണത്തിന്റെ സമയത്തിലേക്കു വരുന്നു. വെളിപ്പാട് 3:10 അനുസരിച്ച്, അതു "പരീക്ഷയുടെ നാഴികയ്ക്കു" മുമ്പായിരിക്കും. കൂടാതെ, ആൺകുട്ടി അവസാനത്തെ മൂന്നര വർഷത്തിനുമുമ്പ്, അതായത്, മഹോപദ്രവത്തിനു മുമ്പ്, ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കപ്പെടുമെന്ന് അധ്യായം പന്ത്രണ്ട് ചൂണ്ടിക്കാണിക്കുന്നു (12:5-6, 14, 17). അതുകൂടാതെ, മഹോപദ്രവകാലത്ത് എതിർക്രിസ്തു തന്നെയും തന്റെ പ്രതിമയെയും ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുന്നതിനുമുമ്പ് നൂറ്റിനാല്പത്തിനാലായിരം ആദ്യഫലം സീയോൻ മലയിൽ നിൽക്കും (14:1-5, 9-12). നിങ്ങൾ പതിന്നാലാം അധ്യായം ശ്രദ്ധിച്ചു വായിക്കുമെങ്കിൽ, ആദ്യഫലം സ്വർഗത്തിലെ സീയോൻമലയിലേക്ക് എടുക്കപ്പെട്ടതിനുശേഷം ഭൂമിയിൽ ആലയത്തിൽ എതിർക്രിസ്തു തന്റെ പ്രതിമ സ്ഥാപിക്കുകയും അതിനെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുകയും ചെയ്യുമെന്ന് നിങ്ങൾ കാണും. നിങ്ങൾ വേദപുസ്തകത്തെ വിശ്വസിക്കുന്നില്ലെങ്കിൽ, ഇതിനെക്കുറിച്ച് യാതൊരു പ്രതിവാദവും ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. വേദപുസ്തകം പറയുന്നത് നാം വിശ്വസിക്കുന്നുവെങ്കിൽ, എതിർക്രിസ്തു ദൈവത്തിന്റെ ജനത്തെ ഉപദ്രവിക്കുന്നതിനുമുമ്പ്, ചില ക്രിസ്ത്യാനികൾ ആകാശത്തിലേക്കല്ല, മൂന്നാം സ്വർഗത്തിലേക്ക് എടുക്കപ്പെടുമെന്ന് നാം സമ്മതിച്ചേ മതിയാകൂ.

## E. സ്ഥലം

### *1. മനുഷ്യപുത്രന്റെ മുമ്പാകെ നിൽക്കുവാൻ*

ജയാളികൾ എടുക്കപ്പെടുന്ന സ്ഥലം സ്വർഗത്തിൽ മനുഷ്യപുത്രന്റെ മുമ്പാകെയാണ് (ലൂക്കൊ. 21:36). ജയാളികളുടെ ഉൾപ്രാപണത്തിന്റെ സമയത്ത് ക്രിസ്തു സ്വർഗം വിട്ട് ആകാശത്തിലേക്ക് ഇറങ്ങിവന്നിട്ടുണ്ടാവില്ല. തീർച്ചയായും ഭൂമിയിലേക്ക് ഇറങ്ങിവന്നിട്ടുണ്ടാവില്ല. പിശാചിന്റെ കെണിയെ ജയിച്ച ജയാളികൾ സ്വർഗത്തിൽ മനുഷ്യപുത്രന്റെ മുമ്പാകെ നിൽക്കും.

### *2. ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കപ്പെടുന്നത്*

12:5 സൂചിപ്പിക്കുന്നതുപോലെ, ആൺകുട്ടി സ്വർഗത്തിൽ ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കപ്പെടും. ജീവനോടെ ശേഷിക്കുന്നവർ ആകാശത്തിലേക്ക് എടുക്കപ്പെടുമെന്ന് 1 തെസ്സലൊനീക്യർ 4 പറയുന്നുവെന്ന് ഒരുപക്ഷേ മിക്കവാറും ക്രിസ്ത്യാനികൾക്കും അറിയാം. എന്നാൽ ഇവിടെ നാം കാണുന്നത്

ആൺകുട്ടി സ്വർഗത്തിൽ ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കപ്പെടും എന്നാണ്.

### *3. സീയോൻമലയിൽ നിൽക്കുവാൻ*

ആദ്യഫലം സ്വർഗത്തിലെ സീയോൻമലയിൽ നിൽക്കും എന്ന വസ്തുതയും ജയാളികൾ എടുക്കപ്പെടുന്ന സ്ഥലം സ്വർഗമാണെന്ന് തെളിയിക്കുന്നു. ജയാളികൾ ആകാശത്തിലേക്കല്ല എടുക്കപ്പെടുന്നത്, പിന്നെയൊ മൂന്നാം സ്വർഗത്തിലേക്കാണെന്ന് ഈ എല്ലാ വാക്യങ്ങളും ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ട്, സമയത്തെയും സ്ഥലത്തെയും സംബന്ധിച്ചിടത്തോളം, ജയാളികളുടെ ഉൾപ്രാപണം ഭൂരിഭാഗം വിശ്വാസികളുടെ ഉൾപ്രാപണത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ്.

## F. നിബന്ധനകൾ

### *1. എപ്പോഴും ഉണർന്നും പ്രാർഥിച്ചുംകൊണ്ടിരിക്കുക*

ഇപ്പോൾ നാം ജയാളികളുടെ ഉൾപ്രാപണത്തിന്റെ നിബന്ധനകളിലേക്കു വരുന്നു. നിബന്ധനകൾ എന്നതിലൂടെ അർഥമാക്കുന്നത് ഈ ഉൾപ്രാപണത്തിനുവേണ്ടിയുള്ള വ്യവസ്ഥകളും നാം നൽകേണ്ട വിലയുമാണ്. ഒന്നാമതായി, നാം എപ്പോഴും ഉണർന്നും പ്രാർഥിച്ചുംകൊണ്ടിരിക്കണം (ലൂക്കൊ. 21:36). എപ്പോഴും ഉണർന്നും പ്രാർഥിച്ചുംകൊണ്ടിരിക്കുകയെന്നാൽ നാം പ്രാർഥിക്കുകമാത്രം ചെയ്യുകയും, ജോലിചെയ്യുകയോ, ഉറങ്ങുകയോ, തിന്നുകയോ ചെയ്യരുതെന്നുമല്ല അർഥമാക്കുന്നത്. ഇത് അർഥമാക്കുന്നത് നാം ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ നമുക്ക് പ്രാർഥിക്കുന്ന ഒരു ആത്മാവ് ഉണ്ടായിരിക്കുകയും നിരന്തരം പ്രാർഥിക്കുകയും ചെയ്യുന്നു എന്നാണ്. ഈ നിരന്തരമായ പ്രാർഥന ഉണ്ടായിരിക്കുന്നതിന് നാം ജോലിചെയ്യുന്നത് നിർത്തുവാൻ ആവശ്യപ്പെടുന്നില്ല. ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് പ്രാർഥിക്കുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങളുടെ പ്രാർഥന അത്ര യഥാർഥമായിരിക്കുകയില്ല; മറിച്ച്, അത് ഔപചാരികവും മതപരവുമായ പ്രകടനമായിരിക്കണം. ഏറ്റവും നല്ല പ്രാർഥന നിങ്ങൾ ജോലിചെയ്യുന്നതിൽ മുഴുകിയിരിക്കുമ്പോൾത്തന്നെ നിരന്തരമായും സമകാലികമായും ജീവനുള്ള ആത്മാവോടുകൂടെ കർത്താവിങ്കലേക്കു നോക്കുന്നതാണ്. ഇതാണ് യഥാർഥവും നിർവ്യാജവുമായ പ്രാർഥന. നമുക്ക് എല്ലാവർക്കും നിരന്തരമായി പ്രാർഥിക്കുവാൻ കഴിയും. ഞാൻ സംസാരിക്കുമ്പോൾപോലും പ്രാർഥിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ മറ്റുള്ളവരുമായി കൂട്ടായ്മ ആചരിക്കുമ്പോൾ, നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കണം. നാം പ്രാർഥിക്കുന്ന ആത്മാവോടുകൂടിയ പ്രാർഥിക്കുന്ന

ജനമായിരിക്കണം. നാം എല്ലാ സമയവും പ്രാർഥിക്കണം. ഇതാണ് എപ്പോഴും പ്രാർഥിക്കുക എന്നതിന്റെ അർഥം.

### 2. ഉണർന്നും ഒരുങ്ങിയുമിരിക്കുക

രണ്ടാമത്തെ നിബന്ധന നാം ഉണർന്നും ഒരുങ്ങിയുമിരിക്കണം എന്നതാണ് (മത്താ. 24:40-44; ലൂക്കൊ. 12:35-40). "കർത്താവേ, ഞാൻ ജോലിചെയ്യുന്നതിൽ വ്യാപൃതനായിരിക്കുന്നുവെങ്കിലും പോകുവാൻ തയ്യാറാണ്. കർത്താവേ, ഞാനിവിടെ എന്റെ സാധനങ്ങൾ വൃത്തിയാക്കുകയും അവയെ ക്രമത്തിൽ വയ്ക്കുകയും ചെയ്യുന്നുവെങ്കിലും ഇവിടെ എന്നേക്കും ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കർത്താവേ, എടുക്കപ്പെടുവാൻ ഞാൻ തയ്യാറാണ്" എന്നു പറയുവാൻ നമുക്കു കഴിയണം. കർത്താവിനോട് ഇങ്ങനെ പറയുവാൻ നിങ്ങൾക്ക് കഴിയുമോ? ഒരുങ്ങിയിരിക്കുകയെന്നാൽ നാം പ്രവർത്തിക്കുന്നത് നിർത്തിയിട്ട് യാതൊന്നും ചെയ്യാതിരിക്കുന്നതല്ല. കഴിഞ്ഞ നൂറ്റാണ്ടിൽ ചില ആളുകൾ അങ്ങനെ ചെയ്തു. ഒരു പ്രത്യേക സമയത്ത് ക്രിസ്തു വരുമെന്ന് ഒരു ഉപദേഷ്ടാവ് അവരോടു പറഞ്ഞു. ഇതു കേട്ടിട്ട്, അവർ നന്നായി കുളിക്കുകയും, വെള്ള വസ്ത്രം ധരിക്കുകയും, പ്രാർഥിക്കുന്നതൊഴികെ മറ്റൊന്നും ചെയ്യാതെയും ഇരുന്നു. ഇതല്ല കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി കാത്തിരിക്കുന്ന ശരിയായ രീതി. ശരിയായ രീതി ഒരു സാധാരണ ജീവിതം നയിക്കുന്നതാണ്. കുളിക്കുകയും, വെള്ളവസ്ത്രം ധരിക്കുകയും ചെയ്തുകൊണ്ട് കർത്താവ് മടങ്ങിവരുന്നതിനുവേണ്ടി കാത്തിരിക്കണമെന്ന് വേദപുസ്തകം ഒരിടത്തും പറയുന്നില്ല. മറിച്ച്, ആരും ആ സമയം അറിയുകയില്ലെന്ന് കർത്താവായ യേശു പറയുന്നു. രണ്ടു സഹോദരന്മാർ വയലിൽ ജോലി ചെയ്യുമ്പോൾ, അവരെ വിസ്മയിപ്പിച്ചുകൊണ്ട്, ഒരുവൻ എടുക്കപ്പെടുകയും മറ്റവൻ ഉപേക്ഷിക്കപ്പെടുകയും ചെയ്യും.

നമ്മുടെ മാനുഷിക ധാരണയനുസരിച്ച് നാം വേദപുസ്തകത്തെ മനസ്സിലാക്കരുത്. കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി കരുതുന്ന നിരവധി ക്രിസ്ത്യാനികൾ കർത്താവു വേഗം വരുന്നതുകൊണ്ട് യാതൊന്നും ചെയ്യാതിരിക്കുന്നതാണു നല്ലതെന്ന ധാരണ വച്ചുപുലർത്തുന്നു. ഇല്ല, സകലവും ആശ്രയിച്ചിരിക്കുന്നത് ഒരു സാധാരണജീവിതം നയിക്കുന്നതിലും ജീവനുള്ള ആത്മാവോടുകൂടെ എല്ലാ സമയവും കർത്താവുമായി ബന്ധപ്പെടുന്നതിലുമാണ്. "കർത്താവേ, എനിക്ക് ഭൂമിയിൽ കെട്ടുകളൊന്നുമില്ല. നീ എന്നെ എടുക്കുവാൻ ആഗ്രഹിക്കുന്ന ഏതു സമയത്തും പോകുവാൻ ഞാൻ തയ്യാറാണ്" എന്ന് കർത്താവിനോടു പറയുക. ഇതാണ് ഉണർന്നും ഒരുങ്ങിയുമിരിക്കുവാനുള്ള മാർഗം.

### 3. കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുക

മൂന്നാമത്തെ നിബന്ധന കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുന്നതാണ്. 2 തിമൊഥെയൊസ് 4:8-ൽ പൗലൊസ് പറഞ്ഞു, "ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ." കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുന്ന എല്ലാവർക്കും നീതിയുടെ കിരീടം വച്ചിരിക്കുന്നുവെന്ന് പൗലൊസ് പറഞ്ഞു. "കർത്താവായ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നതുകൊണ്ട് നിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുന്നു" എന്ന് നാം കർത്താവിനോടു പറയണം. എങ്കിലും, കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുന്നത് നാം ഒരു സാധാരണജീവിതം നയിക്കരുത് എന്ന് അർഥമാക്കുന്നില്ല. മറിച്ച്, നാം അവന്റെ പ്രത്യക്ഷതയെ എത്രയധികം സ്നേഹിക്കുന്നുവോ, അത്രയധികം നാം ഇന്ന് ഒരു സാധാരണ ജീവിതം നയിക്കേണ്ടത് ആവശ്യമാണ്.

### 4. കർത്താവിന്റെ സഹിഷ്ണുതയുടെ വചനം കാത്തുകൊള്ളുക

മറ്റൊരു നിബന്ധന കർത്താവിന്റെ സഹിഷ്ണുതയുടെ വചനത്തെ കാത്തുകൊള്ളുന്നതാണ് (വെളി. 3:10). യേശുവിന്റെ സാക്ഷ്യമായിരിക്കേണ്ടതിന് നാം വേദപുസ്തകത്തിലെ വചനം കാത്തുകൊള്ളണം. എന്നാൽ നാം ഇതു ചെയ്യുന്നുവെങ്കിൽ, നാം ഉപദ്രവിക്കപ്പെടും. വിശുദ്ധന്മാർ കർത്താവിന്റെ വചനത്തോട് വിശ്വസ്തരായിരുന്നതുകൊണ്ട്, നൂറ്റാണ്ടുകളിലുടനീളം അവർ ഉപദ്രവിക്കപ്പെടുകയും രക്തസാക്ഷികളാകുകയും ചെയ്തു. ഇന്ന് നാമും കർത്താവിന്റെ വചനത്തോട് വിശ്വസ്തരായിരിക്കണം. നാം പാരമ്പര്യങ്ങളെ പിൻതുടരുകയോ മതത്തിനുവേണ്ടി കരുതുകയോ ചെയ്യുന്നില്ല. നാം കർത്താവിന്റെ വചനത്തെ മാത്രം ശ്രദ്ധിക്കുന്നു, അത് അവന്റെ സഹിഷ്ണുതയുടെ വചനമാണ്. ഇതു നിമിത്തം നാം ഉപദ്രവം സഹിക്കുന്നു. ഇതിന് കർത്താവിന്റെ സഹിഷ്ണുത നമുക്ക് ആവശ്യമാണ്. നാം മതത്തിന്റെ ഉപദ്രവവും സഹിക്കണം. നാം കാത്തുകൊള്ളുന്ന വചനം കർത്താവിന്റെ സഹിഷ്ണുതയുടെ വചനമാണ്.

### 5. ജയിക്കുകയും കർത്താവിന്റ പ്രവൃത്തികളെ കാത്തുകൊള്ളുകയും ചെയ്യുക

അവസാനമായി, നാം ഒന്നാമത്തെ ഉൾപ്രാപണത്തിൽ

പങ്കുള്ളവരാകണമെങ്കിൽ, നാം അധഃപതിച്ച ക്രിസ്തുമതത്തെ ജയിക്കുകയും കർത്താവിന്റെ പ്രവൃത്തികളെ കാത്തുകൊള്ളുകയും വേണം. 2:26-ൽ കർത്താവ് തുയഥൈരയിലുള്ളവരോടു പറഞ്ഞു, "ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന്, ഞാനും എന്റെ പിതാവിൽനിന്നു പ്രാപിച്ചതുപോലെ, ജാതികളുടെമേൽ ഞാൻ അവന് അധികാരം കൊടുക്കും." റോമൻ കത്തോലിക്കാസഭ കർത്താവിന്റെ പ്രവൃത്തികളെ നിരസിച്ചുവെന്ന വസ്തുതയെ സംബന്ധിച്ച് ആർക്കും തർക്കിക്കുവാൻ കഴിയുകയില്ല. എന്താണ് കർത്താവിന്റെ പ്രവൃത്തികൾ? ഒന്നാമതായി, ക്രൂശിലെ അവന്റെ മരണം. റോമൻ കത്തോലിക്കാസഭ ഇതുപോലും നിരസിക്കുന്നു, കാരണം അവരുടെ രക്ഷയ്ക്കുവേണ്ടി കർത്താവിന്റെ മരണത്തിൽ ആശ്രയിക്കുവാൻ അത് ജനത്തെ പഠിപ്പിക്കുന്നില്ല. മറിച്ച്, ചില വിശുദ്ധന്മാരോട് പ്രാർഥിക്കുവാനും, പണം സംഭാവന നല്കുവാനും, നന്നായി പെരുമാറുവാനും, കഷ്ടം സഹിക്കുവാൻപോലും അത് അവരെ പഠിപ്പിക്കുന്നു. ഇതു ചെയ്യുന്നതിലൂടെ, റോമൻ കത്തോലിക്കാസഭയിലുള്ളവർ നമ്മുടെ വീണ്ടെടുപ്പിനു വേണ്ടിയുള്ള കർത്താവിന്റെ ക്രൂശുമരണത്തിലുള്ള അവന്റെ പ്രവൃത്തിയെ നിരസിക്കുന്നു. റോമൻ കത്തോലിക്കാസഭ കർത്താവിന്റെ പുനരുത്ഥാനത്തെയും നിരസിക്കുന്നു; കർത്താവു ചെയ്തിരിക്കുന്ന സകലത്തെയും അത് പൂർണമായി മറക്കുന്നു. സാമ്പത്തിക ദാനാർപ്പണത്തിലൂടെ ഒരു ബന്ധു മരണാനന്തര ശുദ്ധീകരണസ്ഥലത്തിൽ ചെലവിടുന്ന സമയത്തെ കുറച്ചുകൊണ്ടു വരാമെന്ന് റോമൻ കത്തോലിക്കാമതം പഠിപ്പിക്കുകപോലും ചെയ്യുന്നു. കർത്താവിന്റെ പുനരുത്ഥാനത്തിലൂടെ അവൻ ചെയ്തിരിക്കുന്നതിനെ അവഗണിക്കുന്നതിന്റെ ഒരു ഉദാഹരണമാണിത്. "നിങ്ങൾ കത്തോലിക്കാമതത്തെ ജയിക്കുകയും എന്റെ പ്രവൃത്തികളെ കാത്തുകൊള്ളുകയും ചെയ്യണം. ഞാൻ നിങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന സകലവും നിങ്ങൾ കാത്തുകൊള്ളണം. നിങ്ങൾ മറിയയെ ആരാധിക്കാതെ എന്റെ വീണ്ടെടുപ്പിനെയും, എന്റെ ആരോഹണത്തെയും, എന്റെ ഉൾവാസത്തെയും കാത്തുകൊള്ളണം. ഇവയാണ് എന്റെ പ്രവൃത്തികൾ. നിങ്ങളുടെ വരിസംഖ്യകൾ, വിശുദ്ധന്മാരോടുള്ള നിങ്ങളുടെ പ്രാർഥനകൾ, നിങ്ങളുടെ നോമ്പുകൾ, നിങ്ങളുടെ കഷ്ടംസഹിക്കൽ എന്നിങ്ങനെയുള്ള നിങ്ങളുടെ സൽപ്രവൃത്തികളിൽ ആശ്രയിക്കരുത്" എന്ന് തുയഥൈരയ്ക്കുള്ള ലേഖനത്തിൽ കർത്താവു പറയുന്നതായി തോന്നുന്നു. എന്നിരുന്നാലും, കർത്താവിന്റെ വചനം ഉണ്ടായിട്ടുകൂടി, റോമൻ കത്തോലിക്കാസഭയിലുള്ളവർ കർത്താവിന്റെ പ്രവൃത്തികൾ കാത്തുകൊള്ളുവാൻ പരാജയപ്പെടുന്നു.

പൈശാചികമായ കത്തോലിക്കാമതത്തെ നാം ജയിക്കുകയും കർത്താവു നമുക്കുവേണ്ടി ചെയ്തിട്ടുള്ള , സകലത്തെയും നാം കാത്തുകൊള്ളുകയും വേണം. നാം ഒരിക്കലും മറിയയെ ആരാധിക്കുകയില്ല. അവൾ ഒരു സഹോദരിയാണെങ്കിലും, നാം അങ്ങനെതന്നെ സംസാരിക്കുമെങ്കിലും, നാം അവളെ ഒരിക്കലും "മാതാവായ മറിയ" എന്നു സംബോധന ചെയ്യുകയില്ല. അവൾ ദൈവത്തിന്റെ അമ്മയല്ല, അവൾ ദൈവത്തിന്റെ അമ്മയാണെന്നു പറയുന്നത് ഭയാനകമാണ്. ക്രിസ്തു മറിയയുടെ മകനാണെന്ന് കത്തോലിക്കാമതം പഠിപ്പിക്കുന്നുവെങ്കിലും, തുയഥൈരയ്ക്കുള്ള ലേഖനത്തിൽ താൻ ദൈവപുത്രനാണെന്ന് കർത്താവായ യേശു പറഞ്ഞു (2:18). കത്തോലിക്കാമതം ക്രിസ്തുവിന്റെ പ്രവൃത്തികളെ അവഗണിച്ചിരിക്കുന്നതിനാൽ, കത്തോലിക്കാമതത്തിലുള്ളവർ മഹോപദ്രവത്തിനുമുമ്പ് എടുക്കപ്പെടുകയില്ല. മറിച്ച്, വെളിപ്പാട് 17:16 അനുസരിച്ച്, റോമൻ കത്തോലിക്കാസഭയിലുള്ള അനേകരെ കൊല്ലുവാൻ ദൈവം എതിർക്രിസ്തുവിനെയും അവന്റെ പത്തു രാജാക്കന്മാരെയും ഉപയോഗിക്കും. തുയഥൈരയിലുള്ളവരെക്കുറിച്ച് 2:23-ൽ കർത്താവായ യേശു പറഞ്ഞു, "അവളുടെ മക്കളെ ഞാൻ മരണത്താൽ കൊല്ലും." ഇക്കാരണത്താൽ അവർ എടുക്കപ്പെടുകയില്ല. അധഃപതിച്ചുപോയ കത്തോലിക്കാമതത്തെ നാം ജയിക്കുകയും, നമുക്കുവേണ്ടി മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ആരോഹണം ചെയ്യുകയും, നമുക്കുവേണ്ടി മടങ്ങിവരുന്നവനും ആയ കർത്താവായ യേശുവിന്റെ പ്രവൃത്തികളിലേക്ക് പൂർണ്ണമായി മടങ്ങിവരികയും വേണം. നാം അവന്റെ പ്രവൃത്തികളെ അവസാനത്തോളം കാത്തുകൊള്ളണം.

## II. വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണം

ഇനി വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണത്തിലേക്ക് നാം വരുന്നു.

### A. വസ്തുത

വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണത്തിന്റെ വസ്തുത "വിളവ് കൊയ്ത്തു" എന്നതാണ് (14:14-1). ആദ്യഫലം സ്വർഗത്തിലെ സീയോൻമലയിലേക്ക് എടുക്കപ്പെടുന്നുവെന്ന് 14:1-5-ൽ നാം കാണുന്നു. 6 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ തന്റെ പ്രതിമ സ്ഥാപിക്കുകയും അതിനെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുകയും ചെയ്യുന്ന എതിർക്രിസ്തുവിൻകീഴിലെ ഉപദ്രവം ഉണ്ട്. ഇതിനുശേഷം, വിളവ് വിളഞ്ഞുണങ്ങിയിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. ഇക്കാരണത്താൽ, വെളിപ്പാട് 14 അനുസരിച്ച്, രണ്ടു തരത്തിലുള്ള ഉൾപ്രാപണമുണ്ട്: ആദ്യഫലത്തിന്റെ ഉൾപ്രാപണവും വിളവിന്റെ ഉൾപ്രാപണവും.

## B. എടുക്കപ്പെടുന്ന ജനം

### *1. ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാർ*

വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണത്തിൽ എടുക്കപ്പെടുന്ന ജനം ഒന്നാമത് ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരാണ് (1 തെസ്സ. 4:15; 1 കൊരി. 15:23). "കർത്താവിന്റെ വരവിൽ ശേഷിക്കുന്നവരായ, ജീവിച്ചിരിക്കുന്ന നാം, ഒരുവിധത്തിലും നിദ്രകൊണ്ടവർക്ക് മുമ്പേ ആകില്ല" എന്ന് 1 തെസ്സലൊനീക്യർ 4:15 പറയുന്നു. ഏഴാമത്തെ കാഹളമായ അവസാനത്തെ കാഹളം ഊതുമ്പോൾ മരിച്ചുപോയ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുകയും, ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരോടുകൂടെ, കർത്താവിനെ എതിരേൽക്കുവാൻ ആകാശത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യും.

### *2. ജീവനോടെ ശേഷിക്കുന്ന വിശ്വാസികൾ*

1 തെസ്സലൊനീക്യർ 4:15-ഉം 17-ഉം "ജീവനോടിരിക്കുന്ന, ശേഷിച്ചവരെ"ക്കുറിച്ച് പറയുന്നു. ഈ പ്രയോഗം ഏറെക്കാര്യം സൂചിപ്പിക്കുന്നു, അത് ഇനിമേൽ ഭൂമിയിൽ ശേഷിക്കാത്ത ജീവനോടിരിക്കുന്ന ചിലർ ഉണ്ടായിരിക്കുമെന്ന് സൂചിപ്പിക്കുന്നു. അത് അങ്ങനെയല്ലായിരുന്നുവെങ്കിൽ, *ശേഷിക്കുന്നവർ* എന്ന പദം അപ്പൊസ്തലനായ പൗലൊസ് ഒരിക്കലും ഉപയോഗിക്കുമായിരുന്നില്ല; *ജീവനോടിരിക്കുന്നവർ* എന്ന പദം മാത്രം അവൻ ഉപയോഗിക്കുമായിരുന്നു. ജീവനോടിരിക്കുന്ന വിശുദ്ധന്മാരുടെ രണ്ടു വിഭാഗം ഉണ്ടായിരിക്കുമെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു: ജീവനോടിരിക്കുന്നവരെങ്കിലും ഭൂമിയിൽ ശേഷിക്കാത്തവരും; ജീവനോടിരിക്കുകയും അപ്പോഴും ഭൂമിയിൽ ശേഷിക്കുന്നവരും. ജീവനോടിരിക്കുന്നവരും ശേഷിക്കാത്തവരും നേരത്തേ എടുക്കപ്പെട്ടുകഴിഞ്ഞവരാണ്. ആ സമയം, ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരിൽ ചിലർ അപ്പോഴേക്കും മൂന്നാം സ്വർഗത്തിൽ ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കപ്പെട്ടു കഴിഞ്ഞിരിക്കും.

## C. സമയം

### *1. അവസാനത്തെ കാഹളത്തിങ്കൽ*

വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണത്തിന്റെ സമയം അവസാനത്തെ കാഹളത്തിങ്കലായിരിക്കും, അതായത്, മഹോപദ്രവത്തിന്റെ അവസാനത്തോടടുത്ത ഏഴാമത്തെ കാഹളത്തിന്റെ സമയത്ത് ആയിരിക്കും (1 കൊരി. 15:52; 1 തെസ്സ. 4:16; വെളി. 10:7; 11:14-15). 1 തെസ്സലൊനീക്യർ 4-ലും 1 കൊരിന്ത്യർ

15-ലും ഉള്ള അവസാനത്തെ കാഹളം വെളിപ്പാട് 11-ലെ ഏഴാമത്തെ കാഹളമല്ല, അത് മറ്റൊരു കാഹളമാണ്, ഒരുപക്ഷേ യെഹൂദാ സൈന്യത്തിന്റെ നീക്കത്തിനുവേണ്ടി ഊതിയ കാഹളത്തോട് സാമ്യമുള്ളതാണ് എന്നു ചിലർ പറയുന്നു. ഇതൊരു വിചിത്രമായ വ്യാഖ്യാനമാണ്. ഇതിനെ ആർക്കെങ്കിലും അംഗീകരിക്കുവാൻ കഴിയുമോ എന്നനെനിക്കറിയില്ല, കാരണം ഇത് വേദപുസ്തകമനുസരിച്ചുള്ള ഒരു വ്യാഖ്യാനമല്ല. അപ്പൊസ്തലനായ പൗലൊസ് 1 കൊരിന്ത്യർ 15 എഴുതിയപ്പോൾ, അവൻ അന്ത്യകാഹളത്തെക്കുറിച്ച് എഴുതി. യെഹൂദാ സൈന്യത്തിന്റെ അവസാനത്തെ കാഹളമാണ് അവൻ അർഥമാക്കിയതെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? എത്ര വിഡ്ഢിത്തം! എവിടെ നിന്നാണ് ജനത്തിന് ഈ ധാരണ കിട്ടുന്നത്? വേദപുസ്തകം വ്യാഖ്യാനിക്കുന്ന രീതിയിൽ എത്രമാത്രം പിശകുപറ്റിയിരിക്കുന്നു! ഉപദ്രവത്തിനുമുമ്പ് സകല വിശുദ്ധന്മാരും എടുക്കപ്പെടുമെന്ന് അവർ പഠിപ്പിക്കുന്നതുകൊണ്ട് ചിലർ ഈ വ്യാഖ്യാനത്തെ നിർദ്ദേശിക്കുന്നു. എന്നാൽ ഏഴാമത്തേതായ അന്ത്യകാഹളം ഉപദ്രവത്തിന്റെ അവസാനത്തോടടുത്ത് ഊതുമെന്ന് അവർക്കറിയാം. അങ്ങനെ, ഉപദ്രവത്തിനുമുമ്പ് സകല വിശുദ്ധന്മാരും എടുക്കപ്പെടുമെന്നു പറയുന്നതിനായി, 1 കൊരിന്ത്യർ 15-ലെയും 1 തെസ്സലൊനീക്യർ 4-ലെയും അന്ത്യകാഹളം വെളിപ്പാട് പുസ്തകത്തിലെ ഏഴാമത്തെയും അവസാനത്തേതുമായ കാഹളത്തിൽനിന്നും വ്യത്യസ്തമായിരിക്കണം എന്ന് അവർ പറയണം. മഹോപദ്രവത്തിന്റെ അവസാനത്തോടടുത്ത് ഊതുന്ന അവസാനത്തെ കാഹളമായ ഏഴാമത്തെ കാഹളത്തിങ്കൽ വിശ്വാസികളിൽ ഭൂരിഭാഗവും എടുക്കപ്പെടും എന്നു വെളിപ്പെടുത്തുന്ന വേദപുസ്തകത്തിന്റെ സത്യത്തിൽനിന്നും അവർ അകന്നുനിൽക്കുന്നു. ഇത് വിശ്വാസികളിൽ ഭൂരിഭാഗവും മഹോപദ്രവത്തിന്റെ ഏറിയ ഭാഗത്തിലൂടെയും കടന്നുപോകും എന്നതിന്റെ ശക്തമായ തെളിവാണ്. അതുകൊണ്ട്, മഹോപദ്രവത്തിനുമുമ്പ് സകല വിശ്വാസികളും എടുക്കപ്പെടും എന്ന ഉപദേശം തികച്ചും തിരുവെഴുത്തുകളിൻപ്രകാരമുള്ളതല്ല.

### *2. എതിർക്രിസ്തു എന്ന അധർമത്തിന്റെ മനുഷ്യൻ വെളിപ്പെട്ടതിനുശേഷം*

വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണം എതിർക്രിസ്തു എന്ന അധർമത്തിന്റെ മനുഷ്യൻ വെളിപ്പെടുന്നതിനു ശേഷമാണ് (2 തെസ്സ. 2:1-4). വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണം മഹോപദ്രവത്തിന്റെ അവസാനത്തിലാണെന്നു പറയുന്നതിന് 2 തെസ്സലൊനീക്യർ 2 നമുക്ക് ശക്തമായ ഒരു അടിസ്ഥാനം നല്കുന്നു. വിശുദ്ധന്മാർ എടുക്കപ്പെടുന്നതിനുമുമ്പ് എതിർക്രിസ്തു എന്ന അധർമത്തിന്റെ മനുഷ്യൻ വെളിപ്പെടുമെന്നും, "താൻ

ദൈവം എന്നു പറഞ്ഞുകൊണ്ട് അവനെത്തന്നെ പ്രദർശിപ്പിച്ചു കൊണ്ട്" ദൈവാലയത്തിൽ ഇരിക്കുമെന്നും ഈ വചനഭാഗം വ്യക്തമായി പറയുന്നു (2 തെസ്സ. 2:4). ഈ ബിംബാരാധന ഭൂരിഭാഗം വിശ്വാസികളുടെ ഉൾപ്രാപണത്തിനുമുമ്പു സംഭവിക്കും. ന്യൂട്ടണിന്റെ ഗ്രൂപ്പിലുള്ളവർ ഈ വാക്യങ്ങളെ ഡാർബിയുടെ ഗ്രൂപ്പിലുള്ളവരുടെ മുമ്പിൽ വയ്ക്കുമ്പോഴെല്ലാം ഡാർബിയുടെ ഗ്രൂപ്പിലുള്ളവർ സംഭ്രമിച്ചുപോയിരുന്നു. എല്ലാ വിശ്വാസികളും ഉപദ്രവത്തിനുമുമ്പ് എടുക്കപ്പെടുമെന്ന് ഡാർബി പഠിപ്പിച്ചിരുന്നു: എന്നാൽ ന്യൂട്ടൺഗ്രൂപ്പ് ചൂണ്ടിക്കാണിച്ചതുപോലെ, കർത്താവു മടങ്ങിവരികയും വിശുദ്ധന്മാർ അവനോടു കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നതിനുമുമ്പ് എതിർക്രിസ്തു ആദ്യം വെളിപ്പെടുകയും ആലയത്തിൽ അവന്റെ പ്രതിമ സ്ഥാപിക്കുകയും അതിനു മുമ്പാകെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുകയും വേണം. വചനത്തിലെ ഈ ഭാഗം ഉയർത്തിക്കൊണ്ടുവരുമ്പോഴെല്ലാം, ഉപദ്രവത്തിനുമുമ്പ് സകല വിശുദ്ധന്മാരും എടുക്കപ്പെടുമെന്നു പഠിപ്പിച്ചിരുന്ന ഉപദേഷ്ടാക്കന്മാരുടെ വായ്കളെല്ലാം നിശബ്ദമാകുന്നു.

### *3. എതിർക്രിസ്തു എന്ന മൃഗം മഹോപദ്രവത്തിൽ അവനെയും അവന്റെ പ്രതിമയെയും ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുന്നതിനുശേഷം*

വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെയും ഉൾപ്രാപണം എതിർക്രിസ്തു എന്ന മൃഗം മഹോപദ്രവത്തിൽ അവനെയും അവന്റെ പ്രതിമയെയും ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുന്നതിനു ശേഷമായിരിക്കും (14:9-16). ഇത് വെളിപ്പാട് പതിന്നാലാം അധ്യായത്തിൽ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു.

### *4. ദൈവജനത്തിന്റെ ശേഷിപ്പുമായുള്ള സാത്താന്റെ യുദ്ധത്തിനുശേഷം*

ഉൾപ്രാപണം മഹോപദ്രവസമയത്ത് ദൈവജനത്തിന്റെ ശേഷിപ്പുമായുള്ള സാത്താന്റെ, മഹാവ്യാളിയുടെ യുദ്ധത്തിനുശേഷവും ആയിരിക്കും (12:17, 14, 5). ഇത് ആൺകുട്ടിയുടെ ഉൾപ്രാപണത്തിനു ശേഷമായിരിക്കും. വെളിപ്പാട് 12 അനുസരിച്ച്, ആൺകുട്ടി അവസാനത്തെ മൂന്നര വർഷത്തിനുമുമ്പ് ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കപ്പെടും. ഏകദേശം മൂന്നര വർഷത്തിനുശേഷം, സ്ത്രീയുടെ സന്തതിയിൽ ഭൂരിഭാഗവും എടുക്കപ്പെടും. ആൺകുട്ടി എടുക്കപ്പെട്ടതിനുശേഷം സ്ത്രീയുടെ സന്തതിയുടെ ശേഷിപ്പ് സാത്താന്റെ ഉപദ്രവം സഹിക്കുമെന്ന് ഇത് അർഥമാക്കുന്നു. ഇക്കാരണത്താൽ, വിശ്വാസികളിൽ ഭൂരിഭാഗവും ഭൂമിയിൽ ശേഷിക്കയും മഹോപദ്രവത്തിന്റെ അവസാനത്തിൽ എടുക്കപ്പെടുകയും ചെയ്യും.

### 5. യുഗത്തിന്റെ പൂർത്തീകരണത്തിൽ

വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണം "യുഗത്തിന്റെ പരിണതിയിൽ" ആയിരിക്കും (മത്താ. 13:39). യുഗത്തിന്റെ പൂർത്തീകരണം മഹോപദ്രവത്തിന്റെ അവസാനമാണ്. മത്തായി 13:39 അനുസരിച്ച് ഇത് കൊയ്ത്തിന്റെ സമയമായിരിക്കും. ദൈവത്തിനുവേണ്ടി ഒരു വിളവുളവാക്കുന്നതിന് വയലിലേക്ക് വിത്തു വിതയ്ക്കുവാൻ ക്രിസ്തു വന്നു. ഈ വിളവ് ഈ യുഗത്തിന്റെ പൂർത്തീകരണത്തിൽ കൊയ്തെടുക്കും. ഈ യുഗത്തിന്റെ പൂർത്തികരണം അവസാനത്തെ മൂന്നര വർഷമായിരിക്കും. യെരുശലേംനഗരത്തിന്റെ പുനർനിർമ്മാണം തുടങ്ങിയതുമുതൽ എഴുപത് ആഴ്ചവട്ടത്തിന്റെ കാലയളവ് നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. യെരുശലേം പുനർനിർമ്മിക്കുവാനുള്ള ആജ്ഞ പുറപ്പെടുന്നതുമുതൽ ക്രിസ്തുവിന്റെ ക്രൂശുമരണം വരെയുള്ള ആദ്യത്തെ അറുപത്തൊമ്പത് ആഴ്ചവട്ടം നാനൂറ്റെൺപത്തിമൂന്നു വർഷങ്ങളുടെ ഒരു കാലയളവായിരുന്നു. ക്രിസ്തുവിന്റെ ക്രൂശുമരണത്തിനുശേഷം ഒരു നീണ്ട ഇടവേള ഉണ്ട്. ഒടുവിൽ, ഇടവേള അവസാനിക്കുകയും, അവസാനത്തെ ഏഴു വർഷമായ അവസാനത്തെ ആഴ്ചവട്ടം തുടങ്ങുകയും ചെയ്യും. ഈ അവസാനത്തെ ആഴ്ചവട്ടത്തിന്റെ അവസാനത്തെ പകുതി, ക്രൂശുമുതൽ മഹോപദ്രവത്തിന്റെ അവസാനംവരെ നീളുന്ന പുതിയനിയമ യുഗത്തിന്റെ പൂർത്തീകരണമായിരിക്കും. ക്രിസ്തുവിന്റെ ക്രൂശുമരണത്തിനും എഴുപതാമത്തെ ആഴ്ചവട്ടത്തിനും ഇടയിലുള്ള ഇടവേള എത്രമാത്രം നീണ്ടതായിരിക്കുമെന്ന് ആർക്കും അറിയില്ല. എന്നാൽ ഈ യുഗത്തിന്റെ അവസാനം അവസാനത്തെ ആഴ്ചവട്ടത്തിന്റെ ഏഴു വർഷമായിരിക്കുമെന്ന് ദാനിയേൽ 9 വ്യക്തമായി വെളിപ്പെടുത്തുന്നു. യുഗത്തിന്റെ പൂർത്തീകരണം ഈ ഏഴു വർഷങ്ങളുടെ അവസാനത്തെ പകുതിയാണ്. ഈ മൂന്നര വർഷത്തിന്റെ അന്ത്യത്തോടെ വിശുദ്ധന്മാരിൽ ഭൂരിഭാഗം എടുക്കപ്പെടും. ജയാളികൾ അവസാനത്തെ മൂന്നര വർഷത്തിനു മുമ്പുള്ള ഒരു സമയത്ത് എടുക്കപ്പെടും. ഈ സമയം അജ്ഞാതമാണ്. ജയാളികളുടെ ഉൾപ്രാപണത്തിന്റെ സമയം അജ്ഞാതമാണെങ്കിലും, വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണം അറിവായിരിക്കുന്നതാണ്, കാരണം അത് മഹോപദ്രവത്തിന്റെ അന്ത്യത്തോടടുത്തുള്ള ഏഴാമത്തെ കാഹളത്തിന്റെ സമയത്തായിരിക്കുമെന്ന് നമ്മോടു പറഞ്ഞിരിക്കുന്നു.

## D. സ്ഥലം

ഇനി നാം ഭൂരിഭാഗം വിശ്വാസികൾ എടുക്കപ്പെടുന്ന സ്ഥലത്തിലേക്കു വരുന്നു. സ്ഥലം "ആകാശത്തിൽ" ആണെന്ന്

1 തെസ്സലൊനീക്യർ 4:17 വെളിപ്പെടുത്തുകയും, "മേഘത്തിന്മേൽ" ആയിരിക്കുമെന്ന് വെളിപ്പാട് 14:14-16 ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ജയാളികൾ സിംഹാസനത്തിലേക്ക്, മൂന്നാം സ്വർഗത്തിൽ മനുഷ്യപുത്രന്റെ സന്നിധിയിലേക്ക്, എടുക്കപ്പെടും. എന്നാൽ വിശ്വാസികളിൽ ഭൂരിഭാഗം ആകാശത്തിലേക്ക് എടുക്കപ്പെടുമെന്ന് 1 തെസ്സലൊനീക്യർ 4 വ്യക്തമായി പറയുകയും, വിളവ് മേഘത്തിലേക്ക് കൊയ്തെടുക്കുമെന്ന് വെളിപ്പാട് 14 വെളിപ്പെടുത്തുകയും ചെയ്യുന്നു. ആ സമയം, ക്രിസ്തു ഇനിമേൽ മേഘം ധരിച്ചിരിക്കുകയല്ല, പിന്നെയോ ആകാശത്തിൽ മേഘത്തിന്മേൽ ഇരിക്കുകയായിരിക്കും.

## E. നിബന്ധന

വിശുദ്ധന്മാരിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണത്തിന്റെ നിബന്ധന കൊയ്ത്ത് വിളഞ്ഞുണങ്ങിയിരിക്കുന്നതാണ്. വെളിപ്പാട് 14:15 പറയുന്നു, "പിന്നെ മറ്റൊരു ദൂതൻ ദൈവാലയത്തിൽനിന്ന് പുറത്തുവന്നു, മേഘത്തിന്മേൽ ഇരിക്കുന്നവനോട്, നിന്റെ അരിവാൾ അയച്ചു കൊയ്യുക, ഭൂമിയിലെ കൊയ്ത്ത് വിളഞ്ഞുണ ങ്ങിയിരിക്കുന്നതിനാൽ കൊയ്യുവാനുള്ള നാഴിക വന്നിരിക്കുന്നു എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു." ഇക്കാരണത്താൽ, വിളഞ്ഞു ണങ്ങിയിരിക്കുന്നതാണ് വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ ഉൾപ്രാ പണത്തിനായുള്ള നിബന്ധന.

## III. രണ്ടു ഉൾപ്രാപണങ്ങൾ കൂടി

ജയാളികളുടെ ഉൾപ്രാപണവും വിശ്വാസികളുടെ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണവും എന്ന ഈ രണ്ടു തരത്തിലുള്ള ഉൾപ്രാപണങ്ങളെകൂടാതെ, ഇനിയും രണ്ടു തരത്തിലുള്ള ഉൾപ്രാപണങ്ങൾ ഉണ്ട്: രണ്ടു സാക്ഷികളുടെ ഉൾപ്രാപണവും (11:12), മൃഗത്തെയും, അവന്റെ പ്രതിമയെയും, അവന്റെ പേരിന്റെ സംഖ്യയെയും ജയിക്കുന്ന വിശുദ്ധന്മാരുടെ ഉൾപ്രാപണവും (15:2).